No. CEE/1155/B.Des-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം 2021

### ഓൺലൈൻ ഓപ്ഷൻ സമർപ്പിക്കുന്നതിനും, മാർക്ക് വിവരങ്ങൾ പരിശോധിക്കുന്നതിനും അവസരം

2021-22 വർഷത്തെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. 2021–ലെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷിക്കുകയും 08.10.2021 ലെ വിജ്ഞാപനപ്രകാരം മാർക്ക് ലിസ്റ്റ് (പ്ലസ്ടു/തത്തുല്യം) ഓൺലൈനായി സമർപ്പിച്ച വിദ്യാർത്ഥികൾക്ക് **2021 ഒക്ടോബർ 16 മുതൽ ഒക്ടോബർ 20 വൈകുന്നേരം 4 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

08.10.2021 ലെ വിജ്ഞാപനപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച മാർക്ക് സൂക്ഷ്മപരിശോധനയ്ക്കുശേഷം വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മേൽ വെബ്സൈറ്റിലെ '**B.Des- 2021 Candidate Portal**' എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Marks Verification for B.Des Rank'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക് എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ള പ്രകാരം ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്**. 16.10.2021** മുതൽ **18.10.2021** വൈകുന്നേരം **5** മണി വരെ ഈ സൗകര്യം ലഭ്യമാണ്.

വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് കാണുക.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
16.10.2021